# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 315 04.02.2013-ൽ മറുപടി**

**സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എം. എ. ബേബി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) 2007-ലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട് ( 34-ാമത് ആക്ട്) നിലവിൽ വന്ന ശേഷം അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും ഇപ്പോഴും ജയിലിൽ കഴിയുന്നവരെയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ ; | (എ) 2007 - ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട് നിലവിൽ വന്ന ശേഷം ഈ നിയമത്തിൻ കീഴിൽ 856 പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. കരുതൽ തടങ്കലിന്റെ കാലാവധി പരമാവധി ആറു മാസമാണ്. ഈ നിയമപ്രകാരം 40 പേർ ഇപ്പോൾ കരുതൽ തടങ്കലിൽ കഴിയുന്നുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത നിയമമനുസരിച്ച് സംസ്ഥാനത്ത് എത്രയാളുകൾക്കെതിരെ കേസ് എടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ നിയമമനുസരിച്ച് സംസ്ഥാനത്ത് 226 ആളുകൾക്കെതിരെ കരുതൽ തടങ്കൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) എത്ര കേസുകളിൽ അപ്പീൽ അതോറിറ്റി മുൻപാകെ ഹർജികൾ വന്നിട്ടുണ്ട് ; അപ്പീൽ അതോറിറ്റി മുൻപാകെ വന്ന എത്ര ഹർജികളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ട് ; അതോറിറ്റി ഹർജിക്കാരന് അനുകൂലമായും പ്രതികൂലമായും തീരുമാനം എടുത്ത കേസുകൾ എത്ര ? | (സി) കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിൽ അപ്പീൽ അതോറിറ്റിയെ സംബന്ധിച്ച് പരാമർശമില്ല. എന്നാൽ ഭരണ ഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി, കരുതൽ തടങ്കലിന് മതിയായ കാരണങ്ങളുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മേൽ നിയമത്തിലെ വകുപ്പ് 8 പ്രകാരം ഒരു ഉപദേശക ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഉപദേശക ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് കരുതൽ തടങ്കൽ തുടരണോ വേണ്ടയോ എന്ന് സർക്കാർ തീരുമാനിക്കുന്നത്. പ്രസ്തുത ഉപദേശക ബോർഡ് മുമ്പാകെ 551 ഹർജികൾ ലഭിച്ചതിൽ 237 എണ്ണം അനുകൂലമായും 314 എണ്ണം പ്രതികൂലമായും തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | **പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവുകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 72 |
| കൊല്ലം | 46 |
| പത്തനംതിട്ട | 9 |
| ആലപ്പുഴ | 9 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 24 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 10 |
| മലപ്പുറം | 2 |
| കോഴിക്കോട് | 1 |
| വയനാട് | 3 |
| കണ്ണൂർ | 33 |
| കാസർഗോഡ് | 6 |
| **ആകെ** | **226** |

സെക്ഷൻ ഓഫീസർ